YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 1702/AD A1/3/എ ഡി എ 1/AD A 1 തീയതി: 21.01.2022

**<u>സർക്കുലർ</u>**

വിഷയം:- റിപ്പബ്ലിക് ദിനാഘോഷം 2022 - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൻറെ 19.01.2022-ലെ Pol.5/7/2022-GAD നമ്പർ സർക്കുലർ.

റിപ്പബ്ലിക് ദിനാഘോഷങ്ങൾ രാജ്യവ്യാപകമായി എല്ലാ വർഷവും സമുചിതമായും, ആകർഷകമായും, സർക്കാർ തലത്തിലും, ആഘോഷിച്ചുവരുന്നു. ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ 26.01.2022 (ബുധനാഴ്ച) രാവിലെ 9.00 മുതൽ സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിൻറെ അങ്കണത്തിൽ വെച്ച് നടത്തപ്പെടുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ, റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

- ക്ഷണിതാക്കളുടെ എണ്ണം പരമാവധി 25 ആയി നിജപ്പെടുത്തിയിരിക്കുന്നു.
- കുട്ടികളെയും മുതിർന്ന പൗരന്മാരെയും പൊതുജനങ്ങളെയും ചടങ്ങിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.
- വലിയ കൂട്ടം കൂടൽ ഒഴിവാക്കേണ്ടതും കൃത്യമായി സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക്, സാനിറ്റൈസർ എന്നിവ ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടതും ചടങ്ങിൽ പങ്കെടുക്കുന്നവരുടെ താപനില തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കേണ്ടതുമാണ്.
- പ് ളാസ്റ്റിക് നിർമ്മിത ദേശീയ പതാക ഉപയോഗിക്കാൻ പാടുള്ളതല്ല.
- കർശനമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ് .

26.01.2022 (ബുധനാഴ്ച) രാവിലെ 9.00 മുതൽ സർവ്വകലാശാലയിൽ നടക്കുന്ന ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ജീവനക്കാർ, മേൽ സൂചിപ്പിച്ച സർക്കാർ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2.വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ.
4.ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5.പബ്ലിക് റിലേഷൻസ് ഓഫീസർ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി./ഐ.ടി. സെൽ
7.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #4 of File 1702/AD A1/3/2019/AD A 1 Approved by Registrar on 21-Jan-2022 04:15 PM - Page 1

Draft #4 of File 1702/AD A1/3/2019/AD A 1 Approved by Registrar on 21-Jan-2022 04:15 PM - Page 2

# റിപ്പബ്ലിക് ദിനാഘോഷം (ജനുവരി 26, 2022)

**സർവ്വകലാശാല ഭരണവിഭാഗ മന്ദിരത്തിനു മുന്നിൽ നടക്കുന്ന പതാക ഉയർത്തൽ ചടങ്ങ്**

| | |
|---|---|
| 09.25 a.m. | ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഉദ്യോഗസ്ഥന്റെ അകമ്പടിയോടെ എത്തിച്ചേരുകയും പവലിയനിൽ ഇരിക്കുകയും ചെയ്യുന്നു. |
| 09.28 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ ബഹു. വൈസ് ചാൻസലർക്ക് റിപ്പോർട്ട് നൽകുകയും വൈസ് ചാൻസലറെ പതാക ഉയർത്തുന്നതിനായി ക്ഷണിക്കുകയും ചെയ്യുന്നു. ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ പോഡിയത്തിലേക്ക് നടക്കുന്നു. |
| 09.30 a.m. | വൈസ് ചാൻസലർ പതാക ഉയർത്തുന്നു. ദേശീയഗാനം ആലപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ദേശീയഗാനം ആലപിക്കുകയും ചെയ്യുന്നു. |
| 09.40 a.m. | സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറെ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിക്കുന്നതിന് ക്ഷണിക്കുന്നു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ സുരക്ഷാ ഉദ്യോഗസ്ഥരെ പരിശോധിക്കുകയും തിരികെ പവലിയനിലെത്തി സദസ്സിനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. |
| 09.50 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറോട് പരേഡ് പിരിയുവാൻ അനുവാദം തേടുകയും പരേഡ് പിരിച്ചുവിടുകയും ചെയ്യുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം